പത്രക്കുറിപ്പ്
30-8-2017

# സരസ് മേളയിൽ വൻ ജനപങ്കാളിത്തം

മലപ്പുറം: കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ മലപ്പുറം എടപ്പാളിൽ നടക്കുന്ന സരസ് മേള വൻ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാകുന്നു. ഇതുവരെ രണ്ട് ലക്ഷത്തോളം പേർ മേള കണ്ടാസ്വദിക്കാനെത്തിക്കഴിഞ്ഞു. കനത്ത മഴയ്ക്ക് പോലും തകർക്കാനാകാത്ത ആവേശത്തോടെയുള്ള ജന ഒഴുക്ക്. ഞായർ, തിങ്കൾ എന്നീ അവധി ദിനങ്ങളിൽ പതിനായിരങ്ങളാണ് മേളയിലേക്കെത്തിയത് കോടിക്കണക്കിന് രൂപയുടെ കച്ചവടം നടന്നു കഴിഞ്ഞു. ജമ്മു-കാശ്മീരും കൂടി എത്തിയതോടെ മേളയിലെ സംസ്ഥാനങ്ങളുടെ പങ്കാളിത്തം 25 ആയി. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെയും വിവിധ ജില്ലകളുടേതുമുൾപ്പെടെ 240 സ്റ്റാളുകളിലായി വിൽപ്പന പൊടിപൊടിക്കുകയാണ്. ഇന്ത്യയിലെ ഗ്രാമങ്ങളിലെ തനത് കരകൗശല വസ്തുക്കൾ, കൈത്തറി ഉത്പന്നങ്ങൾ എന്നിവ കണ്ടറിയാനും സ്വന്തമാക്കാനും തിരക്കേറെ. മേളയിലെ ഏറ്റവും ശ്രദ്ധേയമായ ഇന്ത്യ ഫുഡ്കോർട്ടിൽ പത്ത് സംസ്ഥാനങ്ങളുടെ ഭക്ഷണവൈവിധ്യം രുചിച്ചറിയാനുള്ള അവസരമാണുള്ളത്. കഫേ കുടുംബശ്രീയുടെ അഞ്ച് സ്റ്റാളുകളിലൂടെ തീൻമേശയിൽ കേരളത്തിന്റെ സാന്നിധ്യം എത്തുന്നു. 300 പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാനുള്ള സൗകര്യം ഫുഡ്കോർട്ടിലുണ്ട്. പ്രവേശനം സൗജന്യമാണ്.

ഓരോ ദിനവും നടന്നുവരുന്ന സർഗ്ഗവൈഭവം വിളിച്ചോതുന്ന കലാസാംസ്ക്കാരിക പരിപാടികളും ജനത്തെ ഏറെ ആകർഷിക്കുന്നു. പകർന്നാട്ടം, ബാംസുരി, നാട്ടുകൂട്ടം, ഭൈരവി, താളപ്പെരുമ, ശ്രുതിലയം, തുടികൊട്ട് എന്നീ വിശേഷണങ്ങളിലാണ് സാംസ്ക്കാരിക പരിപാടികൾ ഒരുക്കിയിരിക്കുന്നത് . ആദ്യ ദിനത്തിൽ പകർന്നാട്ടത്തിന്റെ ഭാഗമായി കാളിദാസ കലാകേന്ദ്രം അവതരിപ്പിച്ച കരുണ നാടകം ഏറെ ജനശ്രദ്ധ നേടി. രണ്ടാം ദിനത്തിലെ മൽഹാർ കലാസാംസ്ക്കാരിക പരിപാടി മലയാളം സർവ്വകലാശാല വൈസ് ചാൻസിലർ കെ. ജയകുമാർ ഐഎഎസ് ഉദ്ഘാടനം ചെയ്തു. 28ന് നടന്ന ബാംസുരി സമ്മേളനം പ്രശസ്ത എഴുത്തുകാരൻ സി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജയനയന അവതരിപ്പിച്ച കലാഭവൻ മണി ഫോക്ക് ഈവ് ആസ്വാദകർക്ക് ഹൃദ്യമായ അനുഭവമായി മാറി.

25ന് തുടക്കമായ മേളയുടെ ഉദ്ഘാടനം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നിർവഹിച്ചു. കലർപ്പില്ലാത്ത വസ്തുക്കളാണ് നാം എപ്പോഴും തേടുകയെങ്കിലും സംസ്കാരമെന്നത് കലർപ്പുകൾ ചേർന്നുണ്ടായതാണെന്നും സ്പീക്കർ പറഞ്ഞു. അത്തരത്തിലുള്ള വൈവിധ്യമാർന്ന സംസ്കാരത്തിന്റെ

അപൂർവ്വമേളനമാണ് സരസ് മേള എന്നും അദ്ദേഹം പറഞ്ഞു. സരസ് വൈവിദ്ധ്യങ്ങളുടെ മേളയാണെന്നും ലോകത്ത് നിലനിൽക്കുന്ന വൈവിദ്ധ്യപൂർണ്ണമായ സംസ്കാരങ്ങളും ഭാഷകളും മതങ്ങളും പ്രകൃതിയുടെ നിശ്ചയമാണെന്നും ചടങ്ങിന് അദ്ധ്യക്ഷത വഹിച്ച തദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രി ഡോ. കെ.ടി. ജലീൽ വ്യക്തമാക്കി. കുടുംബശ്രീ അംഗങ്ങളുടെ എണ്ണം നിലവിലുള്ളതിന്റെ ഇരട്ടിയാക്കാനുള്ള നടപടികൾ ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു. ഈ ഉത്സവകാലത്ത് ഇങ്ങനെയൊരു മേള സംഘടിപ്പിക്കാൻ കഴിഞ്ഞതിലും അതിൽ വൻ ജനപങ്കാളിത്തമുണ്ടായ തിലും ഏറെ സന്തോഷമുണ്ടെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐഎഎസ് വ്യക്തമാക്കി. ദേശീയോദ്ഗ്രഥനം ലക്ഷ്യമി ട്ട് കേന്ദ്ര- സംസ്ഥാന ഗ്രാമവികസന വകുപ്പുകളുടെ സഹായത്തോടെ സം ഘടിപ്പിച്ചിരിക്കുന്ന മേള സെപ്റ്റംബർ മൂന്നിന് അവസാനിക്കും.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**